# ജാമക്കാരൻ
# JAMAKKARAN

VOLUME - 9 Reg NO.TNBIL/2016/70171 ISSUE - 4
APRIL - 2025 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333

കർത്താവിൻ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ വന്ദനം പറയുന്നു. വീണ്ടും ജാമക്കാരൻ മാസികയിലൂടെ നിങ്ങളെ സന്ദർശിക്കുവാൻ സാധിച്ചതിൽ ദൈവത്തിനു നന്ദി പറയുന്നു. ഇതോടൊപ്പം 4 മാസത്തെ ജാമക്കാരൻ മാസിക നിങ്ങൾക്ക് അയച്ചു തരുന്നു. വളരെ വേഗത്തിൽ അതാതു മാസത്തെ ജാമക്കാരൻ മാസികയെ പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുന്നു.



കർത്താവിന്റെ കൃപയാൽ ഞാൻ സുഖമായിരിക്കുന്നു. പൂർണ്ണ സുഖം ലഭിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

- നിങ്ങൾ അയച്ച കാണിക്കകളും സാമ്പത്തിക സഹായങ്ങളും എനിക്ക് കിട്ടി.
- ജാമക്കാരൻ വായനക്കാർ എല്ലാവർക്കും ഫോൺ മുഖേന പറഞ്ഞ എല്ലാ പ്രാർത്ഥനാ വിഷയങ്ങൾക്കും, E mail മുഖേന അറിയിച്ച എല്ലാ പ്രാർത്ഥനാ വിഷയങ്ങൾക്കും ഞാൻ തുടർന്നും പ്രാർത്ഥിക്കും. ദൈവ കൃപ നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

# APRIL - 2025

# ഒരുങ്ങിയിരിപ്പിൻ

പുതിയ വർഷത്തിൽ പ്രവേശിച്ച നാം ഓരോരുത്തരും നമ്മുടെ കടന്നു പോയ വർഷങ്ങളെ ഒന്നു തിരിഞ്ഞു നോക്കണം. നാം കടന്നു വന്ന ഓരോ പാതയിലും ദൈവം എത്ര നല്ലവനായിരുന്നുവെന്നും ഓർക്കുന്നത് നല്ലതാണ്. നാം അനേക വിഷയങ്ങളിൽ തെറ്റിപ്പോകുന്നവരായി ഇരുന്നിട്ടും അവൻ മാറാത്തവനായും നമ്മോട് ദീർഘക്ഷമ കാണിച്ച് നമ്മെ വഴി നടത്തുന്നവനായും ഇരുന്നത് നാം ഓർക്കണം. ഇതു വരെ നാം ആരും നിർമ്മൂലമായിട്ടില്ല. ഈ വർഷത്തിൽ നാം നാലു മാസം പിന്നിടുമ്പോഴും, നാം പറയേണ്ടത് **"യഹോവേ, അടിയനോട് കാണിച്ചിരിക്കുന്ന സകല ദയയ്ക്കും സകല വിശ്വസ്തതയ്ക്കും ഞാൻ അപാത്രമത്രേ"** (ഉല്പ. 32:10) എന്നാണ്. അതുകൊണ്ട് മാത്രം ദൈവം നമുക്കു നൽകിയ എല്ലാ നന്മകൾക്കും നന്ദി നിറഞ്ഞ ഹൃദയത്തോടെ നാം അവനെ സ്തുതിക്കണം. വർഷത്തിന്റെ അവസാനം നോക്കി നാം ഓടിക്കൊണ്ടിരിക്കുന്നു എന്ന കാര്യം സത്യം തന്നെ. എന്നാലും, മറ്റൊരു ഭാഗത്ത് നമ്മുടെ ജീവിതത്തിന്റെ അവസാനം (മരണം) നോക്കി നാം പൊയ്ക്കൊണ്ടിരിക്കുന്നു എന്ന കാര്യം നാം ഒരിക്കലും മറക്കുവാൻ പാടില്ല. ഈ വർഷത്തിന്റെ അവസാനത്തെയും പുതിയ വർഷത്തിന്റെ തുടക്കത്തെയും നാം വളരെ വേഗം സന്ദർശിക്കുവാൻ പോകയാണ്. പക്ഷെ, ഇതിന്റെ നടുവിൽ കർത്താവിന്റെ രഹസ്യവരവോ നമ്മുടെ മരണത്തെയോ നമുക്ക് അഭിമുഖീകരിക്കേണ്ടി വരും. അതുകൊണ്ട് ജീവിതത്തിന്റെ വിലയേറിയ സമയത്തിൽ ദൈവീക മഹത്വം ദർശിക്കുവാൻ നാം ഒരുങ്ങിയിരിക്കേണ്ടത് വളര ആവശ്യമാണ്. എല്ലാത്തിനും അവസാന സമയം അടുത്തു കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ **'ഒരുങ്ങിയിരിപ്പിൻ'** എന്ന ദൈവീകശബ്ദം ഏവരേയും കാത്തിരിക്കുന്നു.

ലോകത്തിലും സഭയിലും സംഭവിച്ചു കൊണ്ടിരിക്കുന്ന സംഭവങ്ങൾ മുഖേന അതേ മുന്നറിയിപ്പിന്റെ സ്വരം ആവർത്തിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ദിക്കുകളിൽ നിന്നും കേൾക്കുന്ന ഈ മുന്നറിയിപ്പിന്റെ ശബ്ദം ഓരോരുത്തരുടെയും അടുക്കലേക്കു വരുന്നു. ബൈബിൾ പറയുന്നത്, ഒരുങ്ങുവിൻ (Get ready)

എന്നല്ല, **ഒരുങ്ങിയിരിപ്പിൻ** (Be Ye Ready) എന്നാണ്. ഒരുങ്ങുവിൻ എന്നതിനും ഒരുങ്ങിയിരിപ്പിൻ എന്നുള്ളതിനും എന്താണ് വ്യത്യാസം ? ഒരുങ്ങുവിൻ എന്നത്, ഒരു കാര്യത്തിനുവേണ്ടി ആ സമയത്ത് ഒരുങ്ങുന്നത് ആണ്. പക്ഷേ, ഒരുങ്ങിയിരിപ്പിൻ എന്നുള്ളതോ, ഒരു കാര്യത്തിനുവേണ്ടി നാം ഒരുങ്ങി കാത്തിരിക്കുന്നത് ആകുന്നു.

കർത്താവായ യേശുക്രിസ്തു തന്റെ രഹസ്യവരവിനെക്കുറിച്ച് പറയുമ്പോൾ, **"നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതു കൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ"** (ലൂക്കോ. 12:40) എന്നാണ്. കർത്താവായ യേശുക്രിസ്തുവിന്റെ രഹസ്യവരവിൽ എടുത്തു കൊള്ളേണ്ടതിന് നാം ഒരുങ്ങിയിരിക്കേണ്ടതിന്റെ ചില അംശങ്ങൾ നാം അറിയേണ്ടതുണ്ട്. അതിനെപ്പറ്റി നമുക്ക് അൽപം ധ്യാനിക്കാം.

**അതിരാവിലെ ഒരുങ്ങി കാത്തിരിക്കുന്നത്**

**"നീ രാവിലെ ഒരുങ്ങി രാവിലെ തന്നെ സീനായി പർവ്വതത്തിൽ കയറി; പർവ്വതത്തിന്റെ മുകളിൽ എന്റെ സന്നിധിയിൽ വരേണം"** (പുറ. 34:2) എന്ന് ദൈവം മോശയോട് പറഞ്ഞു. അതു പോലെ തന്നെ ദാവീദും **"യഹോവേ രാവിലെ എന്റെ പ്രാർത്ഥന കേൾക്കേണമേ ! രാവിലെ ഞാൻ നിനക്കായി ഒരുങ്ങി കാത്തിരിക്കുന്നു"** (സങ്കീ. 5:3) എന്നും പറയുന്നു. പ്രിയ ദൈവ ജനമേ, ഇവ്വിധം നീതിയിൻ സൂര്യനായ ദൈവം നിന്നെ സന്ദർശിക്കുവാൻ വേണ്ടി പലവിധങ്ങളായ ആശീർവാദത്തോടു കൂടി നിന്റെ അടുക്കൽ വരുമ്പോൾ നീ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത്. ബൈബിൾ പറയുന്നത്, **"എന്നാൽ സഹോദരന്മാരെ, കർത്താവിന്റെ പ്രത്യക്ഷത വരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ"** (യാക്കോ. 5:7) എന്നാണ്, ഇതു വായിക്കുന്ന നിങ്ങൾ അതിരാവിലെ തന്നെ അവന്റെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കണം. നന്ദിയുള്ള ഹൃദയത്തോടെ നിന്റെ വായ് തുറന്ന് അവനെ സ്തുതിക്കണം. അപ്പോൾ, **"നിന്റെ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറയ്ക്കും"** (സങ്കീ. 81:10) എന്നു ദൈവം അരുളിചെയ്യുന്നു. നമ്മുടെ ദൈവം നമ്മെ സന്ദർശിക്കുന്ന നല്ല സമയം അതിരാവിലെ സമയമാണ്. അതുകൊണ്ട് നീയും നിന്റെ കുടുംബത്തിലുള്ളവരും

രാവിലെ സമയം ദൈവ സന്നിധിയിൽ ഒരുമിച്ചു കൂടി ദൈവത്തെ സ്തുതിച്ച് ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങളെ പ്രാപിക്കണം.

നമ്മുടെ ദൈവം ഈ ഭൂമിയിൽ ആയിരുന്ന സമയം അതിരാവിലെ പുറപ്പെട്ടു പോയി നിർജ്ജന സ്ഥലത്ത് ചെന്ന് പ്രാർത്ഥിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (മർക്കൊ. 1:35). ഇങ്ങനെ ഓരോ ദിവസവും പരമപിതാവിന്റെ ആജ്ഞാനുസരണം പ്രവർത്തിച്ചതുകൊണ്ട് അവന്റെ ജീവിതം ജയ ജീവിതം ആയിരുന്നു. **"യഹോവയെ കണ്ടെത്താകുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ"** (യെശ. 55:6) എന്നു വേദപുസ്തകം പറയുന്നു. ഓരോ ദിവസവും രാവിലെയാണ് നമുക്ക് ദൈവത്തെ കാണുന്നതിനുള്ള സമയം. **"ദൈവമേ, നീ എന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും"** (സങ്കീ. 63:1) എന്നു സങ്കീർത്തനക്കാരനും പറയുന്നു.

അതിരാവിലെ ദൈവത്തെ അന്വേഷിക്കുന്നവർക്ക് എന്തെല്ലാം നന്മകൾ കിട്ടുന്നുണ്ട് എന്നു നിങ്ങൾ അറിയണം. **"കാലത്തു തന്നെ ഞങ്ങളെ നിന്റെ ദയ കൊണ്ടു തൃപ്തരാക്കേണമേ; എന്നാൽ ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാ നന്ദിക്കും"** (സങ്കീ. 90:14) എന്നു സങ്കീർത്തനക്കാരനും, **"അതു രാവിലെ തോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു"** (വിലാ. 3:23) എന്നു ശലമോനും പറഞ്ഞിരിക്കുന്നു.

രാവിലെ തോറും നമ്മെ ഉണർത്തി തകർന്ന ഉള്ളങ്ങൾക്ക് ആശ്വാസ വാക്കുകൾ വായിൽ അരുളുന്നു. തന്റെ ശബ്ദങ്ങളെ കേൾക്കേണ്ടതിനായി ഓരോ കാതുകളെയും തുറക്കുന്നു (യെശ. 50: 3,4,5). **"രാവിലെ നിന്റെ ദയ എന്നെ കേൾക്കുമാറാക്കണമേ; ഞാൻ നിന്നിൽ ആശ്രയിക്കുന്നുവല്ലോ"** (സങ്കീ. 143:8). അതുപോലെ നാമും അതിരാവിലെ ഒരുങ്ങി ദൈവത്തെ അന്വേഷിക്കണം.

**പരീക്ഷകളെ അഭിമുഖീകരിക്കുവാൻ ഒരുങ്ങിയിരിക്കണം**

**"കുതിരയെ യുദ്ധ ദിവസത്തേക്കു ചമയിക്കുന്നു; ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു"** (സദൃ. 21:31) എന്നു തിരുവചനം പറയുന്നു. യുദ്ധ ദിവസം എന്നു പറയുന്നത്, നമ്മുടെ ജീവിതത്തിൽ നാം അഭിമുഖീകരിക്കേണ്ട പരീക്ഷകളെ കുറിക്കുന്നു. ഒരു കുതിരയെ യുദ്ധ ദിവസത്തിന് പെട്ടെന്ന്

യുദ്ധക്കളത്തിലേക്കു കൊണ്ടു പോകുന്നില്ല. അതിനെ മുൻകൂട്ടി പല ദിവസങ്ങൾ പരിശീലിപ്പിച്ച് ഒരുക്കുന്നു. ഇത് നാം പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് നടത്തപ്പെടുന്നതിനെ കുറിക്കുന്നു. ഇങ്ങനെ നാം യുദ്ധക്കളത്തിൽ ജയത്തിനായി ഒരുക്കപ്പെടുന്നു. **''സൈന്യങ്ങളുടെ യഹോവ യഹൂദാ ഗൃഹമായ തന്റെ ആട്ടിൻ കൂട്ടത്തെ സന്ദർശിച്ച് അവരെ പടയിൽ തനിക്കു മനോഹര തുരഗം ആക്കും"** (സെഖ. 10:3) എന്നു വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ഒരുക്കപ്പെട്ട നല്ല കുതിരയായി യുദ്ധത്തിൽ നിർത്തപ്പെടുന്നവർക്കു മാത്രമെ ജയം വരികയുള്ളു. **''നിന്റെ കുതിരകളോടു കൂടെ നീ സുദ്രത്തിൽ, പെരുവെള്ളക്കൂട്ടത്തിൽ തന്നെ നടകൊള്ളുന്നു''** (ഹബ. 3:15) എന്നും എഴുതപ്പെട്ടിരിക്കുന്നു.

**''അവർ ഇടറാതവണ്ണം മരുഭൂമിയിൽ ഒരു കുതിരയെപ്പോലെ അവരെ ആഴങ്ങളിൽ കൂടി നടത്തുകയും ചെയ്യുന്നവൻ ആർ ?"** (യെശ. 63:13) എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്റെ പ്രിയ വായനക്കാരെ, നിങ്ങളുടെ ജീവിതത്തിൽ എല്ലാ അംശങ്ങളിലും പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്ന അനുഭവം ഉണ്ടോ ?. കഴിഞ്ഞ നാളുകളിൽ ആത്മീയ യുദ്ധമുഖത്തിൽ നീ പരാജയപ്പെട്ടിട്ടുണ്ടോ ?. ഓരോരോ ദിവസവും അതിരാവിലെ ദൈവത്തെ അന്വേഷിക്കുന്നതോടെ നിർത്താതെ ആ ദിവസം മുഴുവനും പരിശുദ്ധാത്മാവ് വഴി നടത്തുന്നത് ശ്രദ്ധിച്ച് നടക്കുമെങ്കിൽ, അത് എന്റെ ബുദ്ധി മോശത്തിൽ ഞാൻ ചെയ്തതെന്നുള്ള വിഷമം വിഷമം നിന്നിൽ ഇല്ലാതെയിരിക്കും (യെശ. 30:21, സഭാ. 5:6). പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നതാണ് നിന്റെ ജയത്തിന്റെ രഹസ്യം. പൗലോസ് അപ്പൊസ്തലൻ പറയുന്നതുപോലെ, **''നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ ജയം പ്രാപിക്കുന്നു"** (റോ. 37) എന്നും **"ഞങ്ങളും അവനിൽ ബലഹീനർ എങ്കിലും അവനോടു കൂടെ ദൈവ ശക്തിയാൽ നിങ്ങൾക്കു വേണ്ടി ജീവിക്കുന്നു''** (2 കൊ. 13:4) എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ക്രിസ്തുവിനോടു കൂടെ ഇരിക്കുന്നു എന്നുള്ളത് ഓരോ ദിവസവും പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്ന ആത്മീക ജീവിതത്തിന്റെ പൂർണ്ണ അനുഭവം ആകുന്നു. വേറെ ഏതു മൃഗത്തെക്കാളും കുതിരയ്ക്ക് തന്റെ കണ്ണു കൊണ്ട് ഏതു

ചലനവും കാണുവാൻ സാധിക്കുന്നതാകുന്നു. അതുകൊണ്ടാണ് അതിന്റെ നോട്ടം പല ദിശകളിലേക്ക് നോക്കാതിരിക്കുവാനും അത് തന്റെ ഇഷ്ടം പോലെ അലഞ്ഞു തിരിയാതിരിക്കുവാനും അതിനെ നടത്തുന്നവൻ അതിന്റെ കണ്ണുകളെ മറക്കുന്നതിനുള്ള (Blinkers) ഏർപ്പാട് ചെയ്ത് അതിന്റെ വായിൽകടിഞ്ഞാൺ കെട്ടി അതിനെ നിയന്ത്രിച്ച് താൻ ഉദ്ദേശിക്കുന്ന ദിശയിലേക്ക് അതിനെ നടത്തുന്നു.

നമ്മുടെ ദൈവം തന്റെ ശിഷ്യനായ പത്രോസിനോട് ഇപ്രകാരം അരുളിചെയ്തു. **"വയസ്സനായ ശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അര കെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടു പോകയും ചെയ്യും"** (യോഹ. 21:18) അതുപോലെ, പരിശുദ്ധാത്മാവിനാൽ നീ നടത്തപ്പെടുന്നത് നിന്റെ ജീവിതത്തിന്റെ ഉയർന്ന നിലയെ കുറിക്കുന്നു. നീ അവന്റെ നടത്തിപ്പിനായി നിന്നെ അവന്റെ കരങ്ങളിൽ സമർപ്പിക്കുകയാണെങ്കിൽ, കർത്താവേ, നിനക്ക് ഇഷ്ടപ്പെട്ടതു ചെയ്യുവാൻ എന്നെ ഉപദേശിക്കണമേ, നിന്റെ ആത്മാവ് എന്നെ ശരിയായ ദിശയിൽ നടത്തുമാറാകട്ടെ (സങ്കീ. 143:10) എന്നായിരിക്കണം നിന്റെ പ്രാർത്ഥന. അങ്ങനെ ആയാൽ നീ യുദ്ധമുഖത്തു തയ്യാറാക്കിയിരിക്കുന്ന നല്ല കുതിരയായിരിക്കും. നിന്റെ പരീക്ഷകളിൽ സ്വർഗ്ഗത്തിൽ നിന്നു തന്നെ നിനക്കു ജയം വരും.

ക്രിസ്തുവിന്റെ പടയാളിയായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി യുദ്ധ നാളിൽ എതിർത്തു നില്ക്കുമ്പോൾ നാം ധരിക്കേണ്ടതായ ആത്മീയ പോർ ആയുധങ്ങൾ വേദപുസ്തകം നമുക്കു കാണിച്ചു തരുന്നു. **"പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രെ. അതുകൊണ്ടു നിങ്ങൾ ദുർദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരെയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും**

**കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ"** (എഫെ. 6:11–17).

മേൽ പറഞ്ഞ വചനത്തിൽ സർവ്വായുധങ്ങളിൽ ഒന്ന്, സമാധാന സുവിശേഷത്തിനുള്ള ഒരുക്കം കാലിന് ചെരുപ്പാകുന്നു. ഇവിടെ സമാധാന സുവിശേഷം എന്നത് നിരപ്പിക്കുന്ന സുവിശേഷം എന്നതാണ്. **"അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി; ഭൂമിയിലുള്ളതോ സ്വർഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി"** (കൊലൊ. 1:20, റോമ. 5:11, എബ്രാ. 12:14). ക്രിസ്തു നമ്മുടെ പാപങ്ങളെ ക്ഷമിച്ചതുപോലെ നാമും മറ്റുള്ളവരെ സ്നേഹിക്കുകയും അവരുടെ തെറ്റുകളെ ക്ഷമിക്കുകയും ചെയ്യണം, ഇങ്ങനെ സമാധാനത്തിന്റെ സുവിശേഷത്തിനായുള്ള ആയുധം നാം ധരിക്കുകയാണെങ്കിൽ ആ സുവിശേഷത്തെ മറ്റുള്ളവരെ അറിയിക്കുന്നതിനായി നാം എപ്പോഴും ഒരുങ്ങിയിരിക്കണം (റോമ. 10:51,1 പത്രൊ. 3:15). സമാധാനത്തിന്റെ ദൈവം നമ്മോടു കൂടെയിരുന്നു എപ്പോഴും സകല വിധത്തിലും നമുക്കു സമാധാനത്തെ തന്നരുളും (2 കൊരി. 13:11, 2 തെസ്സ 3:16). വളരെ വേഗം സാത്താനെ നമ്മുടെ കാൽക്കീഴിൽ മെതിച്ചുകളയും (റോ. 16:20). അതേ ദൈവം നമ്മെ പൂർണ്ണമായും വിശുദ്ധീകരിച്ച്, ക്രിസ്തുവിന്റെ വരവിൽ നമ്മെ കുറ്റമില്ലാത്തവരാക്കി തീർക്കും (1 തെസ്സ. 5:23–24).

**യജമാനന് ഉപയോഗപ്രദമായി ഒരുങ്ങിയിരിക്കണം**

ദൈവം തന്റെ കാര്യങ്ങൾക്കു തനിക്ക് ഉപയോഗപ്രദമായി വിശുദ്ധമാക്കപ്പെട്ടവരെ, തേടുന്നു (യെശ. 6:6,7,8). **"ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലയ്ക്കൊക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും"** (2 തിമൊ. 2:21) എന്ന് വചനം പറയുന്നു. നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധരാക്കിക്കൊൾവിൻ. ഞാൻ നിങ്ങളെ വിശുദ്ധമാക്കുന്ന കർത്താവ് എന്ന് ലേവ്യാപുസ്തകത്തിൽ എഴുതിയിരിക്കുന്നു. **"വാഴ്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിപ്പാനും സകല സൽപ്രവൃത്തിക്കും**

**ഒരുങ്ങിയിരിപ്പാനും ആരെക്കൊണ്ടും ഭൂഷണം പറയാതെയും കലഹിക്കാതെയും ശാന്തന്മാരായി സകല മനുഷ്യരോടും പൂർണ്ണ സൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക''** (തീത്തോ. 3:1) എന്നും ഒഴുതിയിരിക്കുന്നു.

**"വേദപുസ്തകം പറയുന്നു: മൂടിക്കെട്ടാതെ തുറന്നിരിക്കുന്ന പാത്രമെല്ലാം അശുദ്ധമാകും"** (സംഖ്യാ 19:15) അതുകൊണ്ട് കർത്താവിന്റെ ആലയത്തിലെ പാത്രങ്ങളായിരിക്കുന്ന നാം കർത്താവിനുവേണ്ടി വിശുദ്ധമായി നമ്മെ കാക്കപ്പെട്ടിരിക്കണം. പാപം നിറഞ്ഞ ലോകത്തിൽ നാം കർത്താവിനു വേണ്ടി നമ്മെ വേർതിരിച്ചു കൊണ്ട് ജീവിക്കേണ്ടത് വളരെ ആവശ്യമാണ് (സെഖ. 14:20–21). അതുകൊണ്ട് മഹാജ്ഞാനമുള്ളവനായിരിക്കുന്ന നമ്മുടെ യജമാനൻ, നമ്മെ ഉപയോഗിക്കുന്നതിനുമുമ്പ് നമ്മെ ശുദ്ധികരിച്ച് ഒരുക്കമുള്ളവരാക്കേണ്ടതിൽ വളരെ ശ്രദ്ധിക്കുന്നു. അങ്ങനെ നാം ചെയ്യുന്ന ദൈവ വേല, അവന് നിതിയും പ്രസാദവുമുള്ളതായി, അവന് ഇഷ്ടമുള്ളതായും ഇരിക്കും (മലാ. 3:13).

ദൈവം പ്രവാചകനായ യെശയ്യാവിനെ, താൻ ഉപയോഗിക്കുന്നതിനു മുമ്പെ, അവൻ തന്റെ അമ്മയുടെ ഗർഭത്തിൽ ഇരിക്കുമ്പോൾ തന്നെ അവനെ നിർമ്മിച്ച് ഒരുക്കിക്കൊണ്ടിരുന്നു (യെശ. 49:1–5). **"അവൻ എന്റെ വായെ മൂർച്ചയുള്ള വാൾ പോലെയാക്കി തന്റെ കൈയുടെ നിഴലിൽ എന്നെ ഒളിപ്പിച്ചു; അവൻ എന്നെ മിനുക്കിയ അമ്പാക്കി തന്റെ പൂണിയിൽ മറച്ചു വച്ചു"** (യെശ. 49:3). നമ്മെത്തന്നെ ദൈവത്തിന്റെ കരങ്ങളിൽ ഏൽപിച്ച് അവന്റെ ഇഷ്ടപ്രകാരം ഉപയോഗിക്കേണ്ടതിനായി നമ്മെ തന്നെ സമർപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ഈ വർഷത്തിന്റെ മദ്ധ്യത്തിൽ അവന്റെ കയ്യിൽ നമ്മെ ഏൽപിച്ച് അവന്റെ ഇഷ്ടപ്രകാരം ചെയ്യുവാൻ ഏൽപിച്ച് പ്രാർത്ഥിക്കണം. ദൈവമേ, എന്റെ ഇഷ്ടപ്രകാരം അല്ല, നിന്റെ ഇഷ്ടപ്രകാരം നടത്തേണമേ എന്നു പ്രാർത്ഥിക്കണം (ലൂ. 22:42).

**മണവാളനെ സന്ദർശിക്കുവാൻ ഒരുങ്ങണം**

യേശുക്രിസ്തു പറയുന്നു, **"നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതു കൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ"** (ലൂക്കോ. 12:40) അവന്റെ

വരവിനായി നാം ഒരുങ്ങുവിൻ എന്നല്ല ഒരുങ്ങിയിരിപ്പിൻ (Be Ye Ready) എന്നു തന്നെ അവൻ പറഞ്ഞിരിക്കുന്നു. അങ്ങനെ കാത്തു കൊണ്ടിരിക്കുന്നവർക്കു അവസാന രക്ഷ നൽകുവാൻ വേണ്ടി അവൻ വരുന്ന സമയം ഏറ്റവും അടുത്തായിരിക്കുന്നു" (എബ്രാ. 9:28). ഈ വചനം നമ്മുടെ ദൈവത്തിന്റെ രഹസ്യവരവിനു ഒരുങ്ങിയിരിക്കണം എന്ന മുന്നറിയിപ്പായി കാണണം. നിങ്ങൾ നിങ്ങളുടെ അരയെ കെട്ടിയും നിങ്ങളുടെ വിളക്കുകൾ കത്തിയും കൊണ്ടിരിക്കട്ടെ അവൻ വന്ന് വാതിൽ മുട്ടുമ്പോൾ ഉടനെ തുറക്കുവാൻ വേണ്ടി ഒരുങ്ങിയിരിക്കണം. മണവാളൻ എപ്പോൾ വരും എന്നു വിചാരിച്ച് കാത്തിരിക്കുന്നതുപോലെ നിങ്ങളും ഒരുങ്ങി കാത്തിരിക്കണം. നാം നമ്മുടെ ദൈവത്തെ വിചാരത്തിലോ പ്രവൃത്തിയാലോ ദു:ഖിപ്പിക്കാതവണ്ണം കാത്തുകൊള്ളേണം (എഫെ. 4:30–32). താഴ്മ, അനുസരണം, ക്ഷമ തുടങ്ങിയ നല്ല സ്വഭാവം ഉള്ളവരായിരിക്കണം. ഇങ്ങനെ ദൈവത്തിന് ഇഷ്ടപ്പെട്ട പ്രത്യേക സ്നേഹത്തിനു തക്ക മണവാട്ടിയായി നാം ഇരിക്കണം.

പ്രിയമുള്ളവരെ, മേൽ പറഞ്ഞ എല്ലാ സ്വഭാവങ്ങളെയും നാം ഉൾക്കൊണ്ടു കൊണ്ട് നമ്മുടെ വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും ആത്മീയ ജീവിതത്തിലും കർത്താവിൽ സമർപ്പിച്ച്, പ്രാർത്ഥനയോടെ കർത്താവിന്റെ വരവിനായി ഒരുങ്ങിയിരിക്കാം. മണവാളനെ നാം സന്ദർശിക്കേണ്ട സമയം വളരെ അടുത്തിരിക്കുന്നു. ആ മഹത്വമുള്ള പുലർകാലത്തിനായി നമുക്ക് ഒരുങ്ങിയിരിക്കാം. പുലർച്ചയ്ക്കായി കാത്തിരിക്കുന്ന കാവൽക്കാരനെപ്പോലെ നാമും കർത്താവിന്റെ വരവിനായി കാത്തിരിക്കാം.


## ONLINE BANKING (NEFT)
**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ലണ്ടൻ കാന്റർബറിയിൽ ആദ്യ വനിതാ ബിഷപ്പ്

ജാമക്കാരൻ കുറിപ്പ് :– സ്ത്രീകൾ പട്ടക്കാരായിട്ടോ പാസ്റ്റർമാരായിട്ടോ ബിഷപ്പ്മാർ ആയിട്ടോ പ്രവർത്തിക്കുന്നതിൽ വചനത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് യോജിപ്പില്ല. ലോകത്തിലെ മെയിൻലൈൻ സഭകളിലൊന്നായ ആഗ്ളിക്കൻ സഭകൾക്ക് തിരഞ്ഞെടുക്കപ്പെട്ട ഒരു ഉയർന്ന അധികാരി എന്ന വകയിൽ ബിഷപ്പിനെ ബഹുമാനിക്കുന്നതും, സ്വാഗതം ചെയ്യുന്നതും എന്റെ കടമ എന്നതിനാൽ ഞാൻ ഇത് ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്നു. ബിഷപ്പ് ഓഫ് കാന്റർബറി എന്നത് ലോകത്തിലെ എല്ലാ ആംഗ്ലിക്കൻ സഭകളുടെയും ഉയർന്ന പദവിയാണ്. ഇംഗ്ലണ്ട് ദേശത്തിൽ കഴിഞ്ഞ 1400 വർഷങ്ങളായി 105 പേരാണ് ഈ ബിഷപ്പ് പദവിയിൽ ഇരുന്നിട്ടുള്ളത്. അവരെല്ലാവരും പുരുഷന്മാർ ആയിരുന്നു. ഈ നിലയിൽ അവരുടെ 106–ാമത്തെ ബിഷപ്പായി റവ. സാറ എന്ന വനിത അധികാരത്തിലേറി. റവ. സാറ മുല്ലാളി അവർകൾ പല തടസ്സങ്ങളും മറികടന്നാണ് വനിതാബിഷപ്പായി ചുമതലയേറ്റത്. ഇപ്പോൾ റവ. സാറ അവർകൾക്ക് വയസ്സ് 60 ആകുന്നു.

റവ. സാറ അവർകൾ 2006–ൽ ലണ്ടനിൽ ഉള്ള കത്രീഡൽ ദേവാലയത്തിൽ സീനിയർ പട്ടക്കാരനായി ചുമതല ഏറ്റു. 2016–ാം വർഷം ക്രിട്ടിസൻ ൗണിലുള്ള കത്രീഡലിൽ വച്ച് ബിഷപ്പായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. ബിഷപ്പ് സാറ വിവാഹിതയാണ്. ഇവരുടെ ഭർത്താവ് ഈ മൂൺ മലാലി അവർകൾ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തിരുന്നു. റവ. സാറായ്ക്ക് മകനും മകളും ഉണ്ട്.



ബിഷപ്പ് സാറ അവർകൾ 1999–ൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ ഹെഡ് നഴ്സ് ആയിട്ട് ജോലി ചെയ്തു. ഇംഗ്ലണ്ടിൽ ബോർഡ് ഓഫ് നഴ്സിംഗ് എന്ന ഉന്നതപദവിയിൽ ജോലി ചെയ്തിരുന്നവരാണ്.

**മാനസിക രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന**

പ്രാർത്ഥനയ്ക്കും ആലോചനകൾക്കുമായി എനിക്ക് നൂറുകണക്കിന് കത്തുകളിൽ ചിലതിൽ മാനസിക രോഗമുള്ള ഭർത്താവിനും ഭാര്യക്കുംവേണ്ടി എന്ന് എഴുതിയിരിക്കുന്നു.

കേരളത്തിൽ ഓരോരോ വീടുകളിലും മാനസികരോഗികളായി കഴിയുന്നവരുണ്ട്. ഇത് പിശാചിന്റെ വലിയ ക്രൂരപ്രവർത്തിയാകുന്നു. ഒരു വീട്ടിൽ ഒരു മാനസികരോഗി ഉണ്ടെങ്കിൽ ആ വീട്ടിലുള്ള ആർക്കും സമാധാനം ഉണ്ടാവുകയില്ല. നല്ല ക്രിസ്തീയ വിശ്വാസികളുടെ വീടുകളിൽ ഇങ്ങനെയുള്ള അസുഖങ്ങൾ കാണപ്പെടുകയാണെങ്കിൽ അവർ ഇതുവരെയും അനുഭവിച്ച ആത്മീയസന്തോഷത്തെ അത് ബാധിക്കുന്നു. അങ്ങനെ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

പല വീടുകളിലും പൂട്ടിയിട്ട മുറികളിൽ മാനസികരോഗത്തി നടിമപ്പെട്ട ആണോ പെണ്ണോ അടയ്ക്കപ്പെട്ടിരിക്കുന്നു. ഇതു കാണുമ്പോൾ മനസ്സ് വേദനിക്കുന്നു. വല്ലപ്പോഴും കാണുന്ന എനിക്കുതന്നെ മനസ്സ് വേദനിച്ചാൽ അതേ വീട്ടിൽ ദിവസവും കാണുന്ന ആ വീട്ടുകാരുടെ അവസ്ഥ എന്തായിരിക്കും. ഏകദേശം ഒരു മരണവീടിന്റെ അവസ്ഥയിലാണ് ആ വീട് ആയിത്തീരുന്നത്. മുതിർന്ന പ്രായത്തിലുള്ള മാനസികരോഗികളായ സ്ത്രീകൾ തങ്ങളുടെ വസ്ത്രങ്ങൾ കീറി നിലത്തു കിടന്നു ഉരുണ്ടു കരയുന്ന ക്രൂരമായ കാഴ്ച ഇന്നും എന്റെ കൺമുൻപിൽ കാണുന്നു. അപ്പോൾ അവരുടെ മാതാപിതാക്കളുടെ മാനസിക അവസ്ഥ എന്തായിരിക്കും. അവർ പറയുന്നത് എന്താണെന്നോ ? ഞങ്ങൾ ജീവനോടിരിക്കുമ്പോൾ അവളെ ഞങ്ങൾക്കു നോക്കും. എന്നാൽ ഞങ്ങളുടെ മരണശേഷം അവളെ ആർ സംരക്ഷിക്കും ? അവളുടെ അവസ്ഥ എന്തായിരിക്കും ? അവളുടെ സഹോദരങ്ങൾ വിവാഹിതരായശേഷം അവർ ഈ കുടുംബത്തെ വിട്ട് മാറി നില്കുന്നു. അവർ ആരും സഹായിക്കുന്നില്ല. ഇപ്പോൾ ഞങ്ങളുടെ പ്രാർഥന എന്തെന്നാൽ, കർത്താവേ, ഞങ്ങൾ ജീവനോടെ ഇരിക്കുമ്പോൾ തന്നെ അവളുടെ ജീവനെ എടുത്തുകൊള്ളേണമേ. അപ്പോഴാണ് ഞങ്ങൾക്ക് സ്വസ്ഥത ലഭിക്കുന്നത്.

അതുകൊണ്ട് ഈ കാര്യങ്ങൾ എന്റെ മനസ്സിനെ ബാധിച്ചതുകൊണ്ട് മാനസികരോഗം ബാധിച്ചവരുടെ സൗഖ്യത്തിനും വിടുതലിനും വേണ്ടി ഓരോ മാസവും 28–ാം തീയതി ഒരുദിവസം മുഴുവനും ഉപവാസം അനുഷ്ഠിച്ചുകൊണ്ട് പ്രാർത്ഥിക്കും.

ഇതിനുവേണ്ടി ഇങ്ങനെ രോഗികളായി ഇരിക്കുന്നവരുടെ വീട്ടുകാർ ആവശ്യപ്പെടുമെങ്കിൽ, പ്രാർത്ഥനാക്കുറിപ്പുകൾ എഴുതി ഓരോ മാസവും 27–ാം തീയതിക്കു മുൻപായി എനിക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.



Rt.Rev.Dr. Prince Kalvin

## കോയമ്പത്തൂർ C.S.I. ഡയോസിസിന്

ഃകായമ്പത്തൂർ ഡയോസിസിന് പുതിയ ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട Rt.Rev. **പ്രിൻസ് കാൽവിൻ** അവർകളെ എന്റെ പേരിലും ജാമക്കാരൻ വായനക്കാരുടെ ഃപരിലും അഭിനന്ദിക്കുന്നു.

APRIL -2025

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.